# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1916 08.12.2014-ൽ മറുപടിയ്ക്ക്

### ഐ.എസ്.ആർ.ഒ. ചാരക്കേസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എം. ചന്ദ്രൻ | ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ഐ. എസ്. ആർ. ഒ. ചാരക്കേസിൽ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഇല്ല. |
| ബി) സി.ബി.ഐ. നിർദ്ദേശിച്ച ശിക്ഷണ നടപടി എടുക്കേണ്ടതില്ലെന്ന് തീരുമാനിക്കാനുള്ള കാരണം എന്തായിരുന്നു ; ഈ നിലപാട് തിരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (ബി) കേസു പരിഗണിച്ച മജിസ്ട്രേട്ട് കോടതിയിൽ നിന്നും, സുപ്രീം കോടതിയിൽ നിന്നും, അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് ഉത്തരവുണ്ടായിട്ടില്ലാത്ത സാഹചര്യത്തിലാണ് അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ സി.ബി.ഐ. വീഴ്ചകൾ ചൂണ്ടിക്കാട്ടിയെങ്കിലും 15 വർഷങ്ങൾക്കു ശേഷം ശിക്ഷണ നടപടി സ്വീകരിക്കുന്നത് ഉചിതമല്ലെന്ന് സർക്കാർ തീരുമാനിച്ചത്. സർക്കാരിന്റെ ഈ തീരുമാനം ഹൈക്കോടതി റദ്ദു ചെയ്ത സാഹചര്യത്തിൽ കോടതി വിധി പരിശോധിച്ച് ഉചിതമായ നടപടികളുമായി മുന്നോട്ടു പോകാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| സി) മുൻ ഡി.ജി.പി. സി.ബി മാത്യൂസ് ഈ കേസിൽ ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി അറിയാമോ ; ഇതിനോടുള്ള നിലപാട് വെളിപ്പെടുത്താമോ ? | (സി) പത്രമാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതി വിധി പരിശോധിച്ച് ഉചിതമായ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ